# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2206 **17.02.2016** ൽ മറുപടിയ്ക്ക്

**മൈനിംഗ് & ജിയോളജി വകുപ്പിൽ കൂടുതൽ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | വീട്ടാവശ്യത്തിന് മണ്ണ് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള മണ്ണ് ഖനനം കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾക്ക് കീഴിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ആഫീസുകളിൽ കൂടുതൽ ഫീൽഡ്, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) | വീട്ടാവശ്യത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് KMMCR -1967 പ്രകാരം പെർമിറ്റ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആവശ്യമായിരുന്നു. എന്നാൽ പുതുക്കിയ ചട്ടപ്രകാരം (KMMCR-2015 ) ഇതിന് പെർമിറ്റോ, ലീസോ, മറ്റ് ഉത്തരവുകളോ ആവശ്യമില്ല. മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ മാത്രം ആവശ്യമായ റോയൽറ്റി അടച്ച് അതാത് ജില്ലാ ഓഫീസുകളിൽ നിന്ന് പാസ്സ് നേടേണ്ടതാണ്. വകുപ്പിലെ ജോലിഭാരം പരിശോധിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**